(ബി) ദീർഘിപ്പിച്ച സമയപരിധിക്കകം പാക്കേജ് പൂർത്തീകരിക്കുന്നതിന് സർക്കാർ എന്തെല്ലാം ക്രമീകരണങ്ങൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത പാക്കേജിന്റെ പ്രാദേശിക തലത്തിലുള്ള മേൽനോട്ടം ഊർജ്ജിതമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ മുൻഗണനാക്രമം കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കുട്ടനാട് പാക്കേജിന്റെ ജലസേചന വകുപ്പിന്റെ കീഴിൽ വരുന്ന KEL-1, KEL-2 പദ്ധതികൾ 2015 മാർച്ച് വരെയും KEL-3 ഓണാട്ടുകര പദ്ധതികൾ 2016 ഡിസംബർ വരെയും സമയപരിധി നീട്ടി നൽകിയിട്ടുണ്ട്.

(ബി) അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പ്രാഥമിക മൂൻഗണന നൽകേണ്ടതും ബാക്കി അവശേഷിക്കുന്ന പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ചു പൂർത്തിയാക്കാവുന്നതാണെന്നും ബഹു. കേന്ദ്ര കൃഷി മന്ത്രി ബഹു. മുഖ്യമന്ത്രിക്ക് 13-11-2014-ൽ അയച്ച കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(സി&ഡി) 7-10-2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ കുട്ടനാട് പ്രോസ്പിരിറ്റി കൗൺസിൽ യോഗത്തിൽ എല്ലാ വകുപ്പ് തലവന്മാർക്കും പ്രാദേശിക തലത്തിലുള്ള മേൽനോട്ടം വഹിക്കുന്നതിനും പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

കുട്ടനാട് പാക്കേജ്

271 (1712) ശ്രീ. എം. എ. ബേബി :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിന്റെ കാലാവധി അവസാനിച്ചത് എന്നായിരുന്നുവെന്നും വീണ്ടും നീട്ടികിട്ടാൻ കേന്ദ്രസർക്കാരിന് യഥാസമയം കത്ത് നൽകിയിരുന്നോയെന്നും വ്യക്തമാക്കാമോ ;

(ബി) പദ്ധതി കാലാവധി നീട്ടികിട്ടാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടുവെങ്കിൽ അതിൻപ്രകാരം ലഭിച്ച മറുപടി സംബന്ധിച്ച് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതിയുമായി മുന്നോട്ടു പോകാനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നതെങ്കിൽ അതിനുള്ള കേന്ദ്രഫണ്ട് എങ്ങനെ കണ്ടെത്തും എന്നത് സംബന്ധിച്ച് വിശദമാക്കാമോ ;

(ഡി) നിശ്ചിത കാലാവധിക്കുള്ളിൽ തന്നെ പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച പറ്റിയിട്ടുണ്ടോ ?

ഉത്തരം

(എ) കുട്ടനാട് പാക്കേജിന്റെ കാലാവധി 2012 ജൂലൈയിൽ അവസാനിച്ചതായിട്ടാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. കുട്ടനാട് പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടിക്കിട്ടാൻ 7-10-2014-നും 16-10-2014-നും ബഹു. മുഖ്യമന്ത്രി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് കത്ത് നൽകിയിട്ടുണ്ട്.

(ബി) ബഹു. മുഖ്യമന്ത്രിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ ബഹു. കേന്ദ്ര കൃഷി മന്ത്രി കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട ജലസേചന പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള സഹായം നൽകുന്നതിനായി കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിക്ക് 13-11-2014-ൽ അയച്ച കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പ്രാഥമിക മൂൻഗണന നൽകേണ്ടതും ബാക്കി അവശേഷിക്കുന്ന പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ചു പൂർത്തിയാക്കാവുന്നതാണെന്നും ടി കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) അംഗീകാരം ലഭിച്ച പദ്ധതികൾക്ക് കേന്ദ്ര ഫണ്ട് ലഭിക്കുന്നതാണ്.

(ഡി) കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ട്. കുട്ടനാട് പാക്കേജിനായി പ്രത്യേക ബഡ്ജറ്റ് ശീർഷകമില്ലാത്തതിനാൽ പദ്ധതികൾ വിവിധ വകുപ്പുകളുടെ നിലവിലുള്ള തുടർപദ്ധതികളിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കി വരുന്നത്. കുട്ടനാട് പാക്കേജിൻ കീഴിൽ നടപ്പിലാക്കുന്ന 1840 കോടി രൂപയുടെ പദ്ധതികളിൽ ജലസേചന വകുപ്പിന്റെ കീഴിൽ വരുന്ന 1518.50 കോടി രൂപയുടെ പദ്ധതികൾ ഒഴിച്ചുള്ള പദ്ധതികൾ അന്തിമ ഘട്ടത്തിലാണ്. ജലസേചന വകുപ്പിന്റെ പദ്ധതികൾക്ക് അനുയോജ്യമായ മാനദണ്ഡമുള്ള കേന്ദ്ര പദ്ധതികൾ കണ്ടെത്തുന്നതിനുള്ള കാലതാമസവും, പദ്ധതികൾക്ക് കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ സാങ്കേതിക അനുമതിയും കേന്ദ്ര ജല കമ്മീഷന്റെ അനുമതിയും ലഭിക്കുന്നതുമായി ബന്ധപ്പെട്ട് കാലതാമസം നേരിട്ടിട്ടുണ്ട്. ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് വെള്ളപ്പൊക്ക നിവാരണ പദ്ധതിയിലാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഈ പദ്ധതികൾ 75% കേന്ദ്ര സർക്കാരും 25% സംസ്ഥാന സർക്കാരും വഹിക്കേണ്ടതിനാൽ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly